റെയിൽ ബഡ്ജറ്റുകളിൽ സംസ്ഥാനത്തോടുള്ള അവഗണന

12 (*762) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> :

ഡോ. ടി. എം. തോമസ് ഐസക് :

<u>ശ്രീ. എം. ചന്ദ്രൻ</u> :

<u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മുൻ റെയിൽ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികളും ടെയിനുകളും സംസ്ഥാനത്ത് നടപ്പിലാക്കാതിരുന്നിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) റെയിൽബഡ്ജറ്റുകളിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനു സംസ്ഥാന സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തിന് നാമമാത്രമായ പ്രഖ്യാപനങ്ങൾ നടത്തുകയും വർഷങ്ങളായി അവയൊന്നും നടപ്പിലാക്കാതിരിക്കുകയും ചെയ്യുന്നത് എപ്രകാരമാണ് വീക്ഷിക്കപ്പെടുന്നത് ;

(ഡി) സംസ്ഥാനത്തിന് പ്രഖ്യാപിക്കുന്ന പദ്ധതികൾ പ്രാവർത്തികമാകാതിരിക്കുന്നതിൽ സംസ്ഥാനസർക്കാർ കാണിക്കുന്ന അലംഭാവവും കാരണമാകുന്നുവെന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>):

(എ) വിശദാംശം അനുബന്ധമായി വച്ചിരിക്കുന്നു.*

(ബി & സി) സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് ആവശ്യമായ പദ്ധതികൾ സാധാരണയായി റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. അതനുസരിച്ച് ഓരോ കൊല്ലത്തേയും റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ സംസ്ഥാനത്തിന്റെ റെയിൽവേ ആവശ്യങ്ങൾ കേരളത്തിൽ നിന്നുമുള്ള ബഹുമാനപ്പെട്ട എം.പി.-മാരോടും റെയിൽവേ ഉദ്യോഗസ്ഥരോടും മറ്റ് ബന്ധപ്പെട്ടവരോടും കൂടിയാലോചിച്ച് എല്ലാ ആവശ്യങ്ങളും വിശദമാക്കി സമഗ്രമായ നിവേദനം കേന്ദ്ര സർക്കാരിന് എല്ലാ വർഷവും സമർപ്പിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിന് കാലതാമസം വരുന്നുണ്ട്. റെയിൽവേ ബോർഡ് അംഗീകരിച്ച പദ്ധതികൾ, ഗേജ് മാറ്റം, പാത ഇരട്ടിപ്പിക്കൽ, അവയോട് ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ എന്നിവയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കാറില്ല എന്ന് കണ്ടതിനാൽ പണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഉതകുംവിധം കൃത്യമായ ഫണ്ട് ലഭ്യത ഉറപ്പാക്കണമെന്നും ഫണ്ട് വകമാറ്റുന്ന പ്രവണത നിരുൽസാഹപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ഇതിനകം അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രധാന റെയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും 2014-15 സാമ്പത്തിക വർഷത്തിൽ ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നവംബർ 2013-ലും 30-5-2014-ലും സമർപ്പിച്ച നിവേദനങ്ങളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രഖ്യാപിത പദ്ധതികളായ പാലക്കാട് കോച്ച് ഫാക്ടറി പദ്ധതി, ആലപ്പുഴയിലെ വാഗൺ ഫാക്ടറി പദ്ധതി, പെനിൻസുലാർ റെയിൽവേ സോൺ, തിരുവനന്തപുരത്ത് മെഡിക്കൽ കോളേജും ഒ.പി.ഡി. & ഡയഗ്നോസ്റ്റിക് സെന്ററും, മെമു, പാത ഇരട്ടിപ്പിക്കൽ, പാത വൈദ്യുതീകരണം, പാതയുടെ ഗേജ് മാറ്റം, അങ്കമാലി ശബരി പുതിയ റെയിൽവേ ലൈനിന്റെ നിർമ്മാണം, മറ്റ് പുതിയ ലൈനുകളുടെ സർവ്വേ/നിർമ്മാണം, നേമത്തും കോട്ടയത്തും കോച്ചിംഗ് ഡിപ്പോകൾ, റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം, ആട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം, ആട്ടോമാറ്റിക് ബ്ലോക് സിഗ്നൽ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകൾ ലോകനിലവാരത്തിലേക്കുയർത്തുന്നത്, സബർബൻ റെയിൽ പദ്ധതി എന്നിവയും 2014-15-ൽത്തന്നെ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും സംബന്ധിച്ചും ടി നിവേദനങ്ങളിൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് ടി കാര്യങ്ങൾ 23-6-2014-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കത്തുകൾ വഴി പുതിയ പ്രധാനമന്ത്രിയേയും റെയിൽവേ മന്ത്രിയേയും അറിയിച്ചിട്ടുള്ളതാണ്.

(ഡി) സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ അലംഭാവം ഒന്നും കാണിക്കുന്നില്ല. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുണ്ട്.